LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ ഉൽപ്പാദനം

47 (414) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപാദന രംഗത്ത് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം പിറകിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തെ ശരാശരി ഉൽപാദനം എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ഉൽപാദനവും ഉപഭോഗവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ എത്ര കുറവാണ് അനുഭവപ്പെടുന്നത് ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഊർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; പ്രോജക്ട് വൈസ് റിപ്പോർട്ട് ലഭ്യമാക്കാമോ ;

(ഇ) ട്രാൻസ്മിഷൻ &ഡിസ്ട്രിബ്യൂഷൻ ലോസ്സ് കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദീകരിക്കാമോ ; ട്രാൻസ്മിഷൻ ലോസ്സ് കൂടുതലാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇന്ധന ലഭ്യത, കുറഞ്ഞ ജനസാന്ദ്രത, ഭൂമിയുടെ ലഭ്യത, അനുകൂല പാരിസ്ഥിത ഘടകങ്ങൾ തുടങ്ങിയ ഘടകങ്ങളിൽ പിന്നോക്കമായ കേരളത്തിലെ വൈദ്യുതി ഉത്പാദനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പിറകിലാണെന്നത് വസ്തുതയാണ്.

(ബി&സി)

വർഷം	ദൈനംദിന വാർഷിക ശരാശരി (ദശലക്ഷം യൂണിറ്റ്)		
	ഉത്പാദനം	ഉപഭോഗം	വ്യത്യാസം
2010-11	23.89	47.94	24.05
2011-12	24.4	52.29	27.89
2012-13	19.61	54.94	35.33
2013-14	25.72	56.87	31.15
2014-15	23.32	59.55	36.22

ആഭ്യന്തര ഉത്പാദനത്തിൽ കായംകുളം, ബി.എസ്.ഇ.എസ്. നിലയങ്ങളിൽ നിന്നും കേരളത്തിന്റെ ആവശ്യത്തിനുള്ള ഉത്പാദനം മാത്രമാണ് കണക്കിലെടുത്തിട്ടുള്ളത്.

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ, ജനറേഷൻ മേഖലയിൽ 5 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി 18.75 MW വൈദ്യുത ശൃംഖലയിലേക്ക് കൂട്ടിച്ചേർത്തിട്ടുണ്ട്. കൂടാതെ പുനരുദ്ധാരണ-നവീകരണ പ്രവർത്തനം വഴി 9 MW-ന്റെ സ്ഥാപിതശേഷി വർദ്ധനവും ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്.

ഇതിനുപുറമെ സ്വകാര്യമേഖലയിലെ പദ്ധതികൾ വഴി 1516 MW-ഉം കൂട്ടിച്ചേർത്തിട്ടുണ്ട്. പ്രോജക്ട് വൈസ് പട്ടിക അനുബന്ധമായി ചേർക്കുന്നു.*

ഇക്കാലയളവിൽ 63.6 MW-ന്റെ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതുൾപ്പെടെ 10 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇവ സമയബന്ധിതമായി പൂർത്തിയാക്കാൻവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ 218.9 MW-ന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 MW-ന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ഇതുകൂടാതെ അതിരപ്പിള്ളി (163 MW) പദ്ധതി കോടതിയിൽ നിലനിൽക്കുന്ന കേസ് തീരുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാനും സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ഇ) സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി ആവശ്യമാണെന്നു കാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുവാനും നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ സബ്സ്റ്റേഷനുകളിൽ കപ്പാസിറ്റർ ബാങ്ക് സ്ഥാപിക്കുവാനും ഫീഡറുകളിലെ ലോഡും, സബ്സ്റ്റേഷൻ ഫീഡ് ചെയ്യുന്ന രീതികളും സ്വീകരിച്ചു വരുന്നു.

ഉല്പാദക കേന്ദ്രങ്ങൾ ലോഡ് സെന്ററിൽ നിന്നും ദൂരെ ആയിരിക്കുന്നതും, ഉപഭോഗം കൂടുന്നത് അനുസരിച്ച് ആഭ്യന്തര വൈദ്യുതി ഉത്പാദനവും അനുബന്ധ പ്രസരണ ശൃംഖലകൾ ഉണ്ടാകാത്തതും പ്രസരണ നഷ്ടം കൂടാൻ കാരണമായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly